**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2103 05.05.2017 ന് മറുപടിയ്ക്ക്

**അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടിലൂടെയുള്ള അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കാടിന്റെ ഭംഗി ആസ്വദിക്കാൻ വരുന്ന ടൂറിസ്റ്റുകൾക്കു വേണ്ടിയും സംസ്ഥാന വനം വകുപ്പ് സജ്ജമാക്കിയിരിക്കുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കാമോ; | (എ) പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഇക്കോ-ടൂറിസം നടപ്പാക്കുന്നതിനുള്ള പരിപാടികളാണ് വനം വകുപ്പ് സ്വീകരിച്ചു വരുന്നത്. വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പങ്കാളിത്തത്തോടെ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വനപരിസ്ഥിതിക്കു കോട്ടം വരാത്ത രീതിയിൽ വനസംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി, സന്ദർശക സുരക്ഷ, പ്രാഥമിക സൗകര്യങ്ങൾ എന്നിവയാണ് ഒരുക്കുന്നത്. കാട്ടിലൂടെയുള്ള ട്രെക്കിംഗ്, ജലാശയങ്ങളിലെ ബോട്ടിംഗ്, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം, കാട്ടിനുള്ളിലുള്ള താമസം എന്നിവയാണ് സന്ദർശകർക്കായി ഒരുക്കിയിരിക്കുന്ന സൗകര്യം. വനത്തിലൂടെയുള്ള മൂന്നു ദിവസങ്ങൾ വരെ ദീർഘിക്കുന്ന ട്രെക്കിംഗ് പരിപാടിയാണ് അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ഒരുക്കുന്നത്. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എത്ര രൂപയുടെ ആദായം വനം വന്യജീവി വകുപ്പുമായി ചേർന്ന് നേടി എന്നറിയിക്കാമോ? | (ബി) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനും വനം വന്യജീവി വകുപ്പുമായി ചേർന്നുള്ള ടൂറിസം പരിപാടികൾ ഒന്നും ഇപ്പോൾ നിലവിലില്ല. |

Latheesh

സെക്ഷൻ ഓഫീസർ